(സി) പെൻഷൻ കുടിശ്ശികയായി എത്ര കോടി രൂപ ഇനി അനുവദിക്കാനുണ്ട് ;

(ഡി) പെൻഷൻ കുടിശ്ശിക തീർക്കാൻ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. പ്രതിമാസം 35843 പേർക്ക് പെൻഷൻ നൽകുന്നു.

(ബി) കെ.എസ്.ആർ.ടി.സി. 2009-10 വർഷത്തിൽ പെൻഷൻ നൽകുന്നതിനായി 192 കോടി രൂപ ചെലവാക്കി. നടപ്പു സാമ്പത്തിക വർഷം നവംബർ 2010 വരെ 165 കോടി രൂപ ചെലവായിട്ടുണ്ട്. പെൻഷൻ നൽകുന്നതിന് പ്രതിമാസം 22 കോടി രൂപ ചെലവാകുന്നുണ്ട്. കൂടാതെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിലേയ്ക്കായി നടപ്പു സാമ്പത്തിക വർഷത്തിൽ ഇതുവരെ 74.43 കോടി രൂപ ചെലവായിട്ടുണ്ട്.

(സി)&(ഡി) ഒരുമാസത്തെപോലും പെൻഷൻ കുടിശ്ശികയില്ല. അതാതുമാസത്തെ പെൻഷൻ അതാതുമാസം തന്നെ നൽകിവരുന്നു.

പെൻഷൻകാർക്ക് കൃത്യമായി പെൻഷൻ ലഭിക്കുവാൻ സ്ഥിരം സംവിധാനം

172 (769) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010 വർഷത്തിൽ കെ. എസ്. ആർ. ടി. സി,-യിലെ പെൻഷൻകാർക്ക് ഓരോ മാസവും പെൻഷൻ വിതരണം ചെയ്ത തീയതിയും ആയതിന് ഓരോ മാസവും ചെലവായ ആകെ തുകയും എത്രയാണെന്നും വ്യക്തമാക്കുമോ ;

(ബി) പെൻഷൻ വിതരണത്തിലെ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കാലയളവിൽ സർക്കാർ എത്ര തുക കെ. എസ്. ആർ. ടി. സി-ക്ക് ധനസഹായമായോ, വായ്പയായോ, ബഡ്ജറ്റ് വിഹിതമായോ അനുവദിച്ചിട്ടുണ്ട് ; വിശദവിവരം നൽകുമോ ;

(ഡി) പെൻഷൻകാർക്ക് കൃത്യമായി പെൻഷൻ ലഭിക്കുവാൻ ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദവിവരം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2010 വർഷത്തിൽ കെ.എസ്.ആർ.ടി.സി. പെൻഷൻ നൽകിയ തീയതിയും പ്രതിമാസം ചെലവായ തുകയുടെ വിശദവിവരങ്ങളും ചുവടെ ചേർക്കുന്നു.

മാസം	തീയതി	തുക (കോടിയിൽ)
Jan. 2010	7-1-2010	16.50
Feb. 2010	10-2-2010	17.89
Mar. 2010	10-3-2010	17.81
Apr. 2010	5-4-2010	17.97
May. 2010	19-5-2010	19.24
June. 2010	9-6-2010	19.56
July. 2010	9-7-2010	21.43
Aug. 2010	13-8-2010	21.43
Sep. 2010	9-9-2010	21.63
Oct. 2010	8-10-2010	21.58
Nov.2010	23-11-2010	21.41

(ബി) കെ.എസ്.ആർ.ടി.സി.-യിൽ അതാത് മാസത്തെ പെൻഷൻ മുടക്കം കൂടാതെ നൽകിവരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ ദൈനംദിന വരുമാനത്തിൽ നിന്നാണ് പെൻഷൻ നൽകിവരുന്നത്. ഡീസൽ, ശമ്പളം, ലോണുകളുടെ തിരിച്ചടവ്, സ്പെയർ പാർട്സുകൾ, പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി നീക്കിവയ്ക്കുന്ന 10 % റ്റി.എസ്.ബി നിക്ഷേപം എന്നിവ കഴിച്ച് ദൈനംദിന വരുമാനത്തിലെ നീക്കിയിരുപ്പ് തുകയും ബാക്കി തുക കെ.റ്റി.ഡി.എഫ്.സി യിൽ നിന്നും വായ്പയെടുത്തുമാണ് പെൻഷൻ നൽകിവരുന്നത്. ശമ്പളത്തിനായി മാസത്തിന്റെ അവസാനം ലോൺ എടുക്കേണ്ടി വരുന്നുണ്ട്. തുടർന്ന് മാസത്തിന്റെ ആദ്യഭാഗത്ത് വീണ്ടും വായ്പ അനുവദിക്കാൻ കെ.റ്റി.ഡി.എഫ്.സി-ക്ക് കഴിയാറില്ല. വായ്പ കിട്ടുന്നതിനുള്ള കാലതാമസമനുസരിച്ച് പെൻഷൻ നൽകുന്ന തീയതിയിലും മാറ്റമുണ്ടാകാറുണ്ട്.

(സി) 2009-10 വാർഷിക ബഡ്ജറ്റിൽ അനുവദിച്ചിരുന്ന 15 കോടി രൂപയിൽ ഉൾപ്പെട്ട 5 കോടി രൂപയും 2010-11 വാർഷിക ബഡ്ജറ്റിലെ 30 കോടി രൂപയും മൂലധന വിഹിതമായി 2010 വർഷത്തിൽ നാളിതുവരെ അനുവദിച്ച് നൽകിയിട്ടുണ്ട്. (ആകെ 35 കോടി) ആയതു കൂടാതെ വായ്പായിനത്തിൽ 2010 വർഷത്തിൽ നാളിതുവരെ അനുവദിച്ച തുകകൾ.

LIBRARY ARCHIVES Kerala Legislative Assembly

തുക	മാസം	ആവശ്യം
25 കോടി	1/2010	ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ കടം തീർക്കുന്നതിന്.
15 കോടി	2/2010	ജീവനക്കാർക്ക് ഡി.എ. നൽകുന്നതിന്.
25 കോടി	5/2010	ഐ. ഒ. സി യുടെ കടം തീർക്കുന്നതിന്.
10 കോടി	6/2010	അടിയന്തിര ആവശ്യങ്ങൾക്ക്.
35 കോടി	8/2010	ഓണം ചെലവുകൾ വഹിക്കുന്നതിന്.
10 കോടി	11/2010	അടിയന്തര ആവശ്യങ്ങൾക്ക്.

(ഡി) നിലവിലുള്ള സാമ്പത്തിക സ്ഥിതിയിൽ പെൻഷൻ ഒരു നിശ്ചിത ദിവസം തന്നെ നൽകുവാൻ കഴിയുകയില്ല.

ബസ്സുകളിലെ സ്ത്രീകൾക്കെതിരെയുള്ള അതിക്രമം

173 (770) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബസ്സുകളിൽ സ്ത്രീകൾക്കെതിരായ അതിക്രമം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സ്ത്രീകൾക്ക് മാത്രമായി യാത്ര ചെയ്യുന്നതിന് കൊച്ചി, ആലുവ നഗരങ്ങളെ ബന്ധിപ്പിച്ച് ലേഡീസ് ഒൺലി ബസ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ബസ്സുകളിൽ സ്ത്രീകൾക്കെതിരെ നടക്കുന്ന ആക്രമണങ്ങൾ തടയുന്നതിന് ഫലപ്രദമായ മറ്റു നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) നടപടി സ്വീകരിക്കുന്നതാണ്.

(ബി) ബസ്സുകളിൽ സ്ത്രീകൾക്ക് മാത്രമായി 25 % സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. സ്ത്രീകളുടെ സീറ്റിൽ പുരുഷൻമാർ യാത്രചെയ്യുകയും സ്ത്രീകൾ നിൽക്കേണ്ടിവരികയും ആണെങ്കിൽ ഇരിക്കുന്നവർ ശിക്ഷാർഹരാണ്. കണ്ടക്ടർ സ്ത്രീകൾക്ക് സീറ്റ് ഉറപ്പാക്കിയില്ലെങ്കിൽ ലൈസൻസ് റദ്ദാക്കുന്നത് ഉൾപ്പെടെയുള്ള ശിക്ഷാനടപടികൾക്ക് വിധേയമാവുന്നതായിരിക്കും. ബസ്സുകളിൽ സ്ത്രീകൾക്കെതിരെ നടക്കുന്ന ഇതര അതിക്രമങ്ങൾ തടയുന്നതിലേക്ക് പോലീസ് വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ കെ.എസ്.ആർ.ടി.സി വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനവും ശക്തിപ്പെടുത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly